(ഡി) കൊച്ചീക്കാരായ അപേക്ഷകരിൽ ആരും ഉണ്ടായിരുന്നില്ല.

(ഇ) (ഡി)യുടെ ഉത്തരംകൊണ്ട് ഈ ചോദ്യത്തിന്നു് ഉത്തരം ആവശ്യമില്ല.

CEMENT DISTRIBUTION—COMPLIANTS REGARDING

157. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു് സദയം മറുപടി പറയുമോ.—

(എ) കെട്ടിടപണികളുടെ അടിയന്തിരാവശ്യങ്ങൾക്കായി ആവശ്യാനുസരണമുള്ള സിമൻറ് വിതരണം ചെയ്യുവരുന്നതു തൃപ്തികരമല്ലായെന്നുള്ള പരാതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ എന്തു നടപടിയാണു് അതിനെത്തുടർന്നു ചെയ്യുവാനുദ്ദേശിക്കുന്നതു്;

(സി) ഇല്ലെന്നുവരികിൽ ആയതു ഗവൺമെണ്ടിന്റെ നിയന്ത്രണത്തിൽ വിതരണം ചെയ്യുവാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) & (സി) സ്റ്റെയിററിൽ സിമൻറ് വിതരണം നടത്തുന്നതു സിമൻറ് മാർക്കറ്റിംഗ് അസോസിയേഷൻ മുഖാന്തിരമാണു്. സിമൻറ് കിട്ടുവാനുള്ള ബുദ്ധിമുട്ടിനു പ്രധാന കാരണം വേലക്കാരുടെ പണിമുടക്കമാണു്. സ്റ്റോററിലേക്കു് സിമൻറ് കൂടുതൽ കിട്ടാതെ വിതരണം ഗവൺമെണ്ടു് ഏറെറടുത്താൽ തൃപ്തികരമായ വിധത്തിൽ നടത്തുവാൻ സാധിക്കുമോയെന്നു സംശയമാണു്.

PURCHASE OF URID FROM HYDERABAD STATE—PARTICULARS OF

158. മിസ്റ്റർ ജോസ് കെ. മാണ്ടിസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നൈസാം സ്റ്റോററിൽനിന്നു് ഉഴുന്നുവാങ്ങുന്നതിനു് ആരെയാണു് ഏൽപ്പിച്ചിരുന്നതു്;

(ബി) എന്തു വിലക്കാണു് വാങ്ങി അയച്ചിരുന്നതു്;

(സി) കൊച്ചിയിലെ കച്ചവടക്കാർ അവിടെനിന്നു കൊച്ചി ഗവൺമെണ്ടിനു കിട്ടിയതിനേക്കാൾ കുറഞ്ഞ വിലക്കു വാങ്ങി അയച്ചതായി വല്ല അറിവും ഗവൺമെണ്ടിനുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) മൈസ്സൂർസ് വോൾക്കാർട്ട് ബ്രദേഴ്സ്.

(ബി) മൂന്നു ബങ്കാം മുതൽക്കുമുള്ള പല്ലക്കു് വ ുക. മുതൽ വ ുർക. വരെ. (f. o. r.)

(സി) ഇല്ല.

HEAD CLERK—MEDICAL DEPARTMENT—APPOINTMENT OF

159. Shabdai S. Koder *(Nominated)*: Will Government be pleased to state.—

whether they propose to appoint a non-medical man as the Head of the Medical Department?

Mr. K. Balakrishna Menon *(Minister for Food and Education)*: No.

NUMBER OF OFFICERS THROWN OUT FROM TEXTILE DEPARTMENT

160. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ടെക്സ്ററയിൽസ് ഡിപ്പാർട്ടുമെണ്ടു് സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിനോടു് കൂട്ടിച്ചേർത്തതിന്റെ ഫലമായി സർവ്വീസിൽനിന്നു പിരിച്ചുവിടേണ്ടിവന്നവരുടെ സംഖ്യയെത്ര;

(ബി) ഇവർക്കു പകരം ഇനി ആളുകളെ നിയമിക്കുവാൻ ആലോചനയുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൻ ൽ.

(ബി) ടെക്സ്ററയിൽസ് വകുപ്പിലെ ജോലികളുടെ നടത്തിപ്പിനു് കുറച്ചുപേരെ നിയമിക്കേണ്ടകാര്യം ആലോചനയിൽ ഉണ്ടു്.

PUBLIC SERVICE COMMISSION—PARTICULARS REGARDING

161. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസ്സു് കമ്മീഷൻ എന്നാണു് സംഘടിപ്പിക്കപ്പെട്ടതു്;

LIBRARY ARCHIVES Kerala Legislative Assembly